**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 989** **27-07-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പാട് ഏരിയ ഡവലപ്‌മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്; കൂടുതലായി എത്ര ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | കൈപ്പാട് ഏരിയ ഡവലപ്‌മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ 600 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്. കൂടുതലായി 191.25 ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കൃഷി ചെയ്യാതെ കിടക്കുന്ന വയലുകളിൽ വ്യാപിച്ചുകിടക്കുന്ന കണ്ടലുകളെ കൃഷി, വനം വകുപ്പുകളുടെ സഹകരണത്തോടെ പറിച്ചു നടുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ കൈപ്പാട് കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കൈപ്പാട് ഏരിയ ഡെവലപ്‌മെന്റ് സൊസൈറ്റി (KADS) യുടെ റീജിയണൽ ലെവൽ അഡ്വൈസറി കമ്മിറ്റി (RLAC) യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 07.12.2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 982/2020/കൃഷി എന്ന ഉത്തരവിൻപ്രകാരം രൂപീകൃതമായ എക്സ്പർട്ട് കമ്മറ്റി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ കണ്ടെത്തിയിട്ടുള്ളതാണ്. നിലവിൽ കൈപ്പാട് കൃഷി ചെയ്യാത്തത് കൊണ്ട് കണ്ടൽക്കാടുകൾ ആയി മാറിയ സ്ഥലങ്ങൾ തിരികെ കൈപ്പാട് കൃഷിയിലേക്ക് കൊണ്ട് വരുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടർ നിലത്തിന് 1,00,000/- രൂപ എന്നതോതിൽ (ജില്ലാ പഞ്ചായത്ത് വിഹിതമായി 95,000/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 5,000/- രൂപയും) ആനുകൂല്യം നൽകിയിരുന്നു. 2021-22വർഷത്തിൽ 76.05 ഹെക്ടർ സ്ഥലത്ത് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ